DESPATCHED
On.28/12/21...

14/12/21



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

## ഹർജി നമ്പർ AP No.1372(4)/*2015/എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.8706/*എസ്.ഐ.സി–ജി 2/2015*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി: 14.12.2021

ശ്രീ. സുജിത്ത്. എസ്,
രമ്യ, മുടവൂർപ്പാറ,
വെടിവച്ചാൻകോവിൽ,
ബാലരാമപുരം, തിരുവനന്തപുരം.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   എബ്രഹാം മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ,
   തിരുമല, തിരുവനന്തപുരം - 6

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
   റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
   റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
   ഹയർ സെക്കണ്ടറി വിദ്യാഭ്യാസം,
   കോർപ്പറേഷൻ ബിൽഡിംഗ്, നാലാം നില,
   പാളയം, തിരുവനന്തപുരം - 695 034.

### ഉത്തരവ്

ടി അപ്പീൽ ഹർജിയിന്മേൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാവുന്നതാണെന്ന് രണ്ടാം എതിർകക്ഷി 30.06.2015 ൽ ഉത്തരവ് നൽകുകയും, ആയത് അപ്പീൽ ഹർജിക്കാരനേയും പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യേയും

അറിയിച്ചിട്ടുള്ളതാണെന്നും ടി ഉത്തരവിൽ പറയുന്നു. ടി ഉത്തരവിനും ഒരു മാസത്തിലേറേ കാലം മുമ്പാണ് അപ്പീൽ ഹർജിക്കാരൻ കമ്മീഷന് അപ്പീൽ ഹർജി നൽകിയിട്ടുള്ളത്. അതുകൊണ്ട്, രണ്ടാം എതിർകക്ഷിയുടെ ഉത്തരവിൻ പ്രകാരം അപ്പീൽ ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഇതിനകം ലഭിച്ചുകാണും എന്ന് കമ്മീഷൻ കരുതുന്നു. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 14.12.2021 ന് ഉത്തരവാകുന്നു.

3. അപ്പീൽ ഹർജിക്കാരന് ഇനിയും വിവരങ്ങൾ ലഭിച്ചിട്ടില്ലെങ്കിലോ, ഇത് സംബന്ധിച്ച പരാതി നിലനിൽക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ, ആയത് കമ്മീഷനെ അറിയിച്ചാൽ, അത് ഒരു പരാതി ഹർജിയായി പരിഗണിച്ച് കമ്മീഷൻ തുടർ നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re